പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1606 — 14-07-2016 ൽ മറുപടിക്ക്

# പൊതുമേഖല സ്ഥാപനങ്ങളിലെ അനധികൃത നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.കെ. ശശി** | | | **ശ്രീ. ഇ.പി. ജയരാജൻ**<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഓരോന്നിലും കഴിഞ്ഞ സർക്കാർ കാലയളവിൽ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചുവെന്നും പ്രസ്തുത നിയമനങ്ങൾ നേരിട്ടാണോ, പി. എസ്. സി. വഴിയാണോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) യും | സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ നിയമനങ്ങളുടെയും നിയമനം നടത്തിയ തസ്തികകളുടെയും നിയമന രീതിയുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>കേരളാ സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷനിൽ ഒരു ഡയറക്ടർ ബോർഡ് അംഗത്തിന്റെ അനുജനെ താൽക്കാലികാടിസ്ഥാനത്തിൽ വർക്കർ ആയി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമനങ്ങൾ ലഭിച്ചവരിൽ ഡയറക്ടർ ബോർഡ് സർക്കാർ അനുമതിയോടെ നടത്തിയ നിയമനം എത്രയെന്നും അനുമതിയില്ലാതെ നടത്തിയ നിയമനം എത്രയെന്നും നിയമനം ലഭിച്ചവരിൽ എം.ഡി.മാർ, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവരുടെ ബന്ധുക്കളും കുടുംബാംഗങ്ങളും എത്രയെന്നും വ്യക്തമാക്കുമോ; | (ബി) യും | മറ്റുള്ള കമ്പനികളിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് നിയമനം ലഭിച്ചവരിൽ എം.ഡി.യുടേയോ, ഡയറക്ടർ ബോർഡ് അംഗങ്ങളുടെയോ ബന്ധുക്കളോ കുടുംബാംഗങ്ങളോ ആരും തന്നെ ഇല്ല. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടത്തിയ നിയമവിധേയമല്ലാത്ത നിയമനങ്ങൾ റദ്ദാക്കാനും വേണ്ടുന്ന സ്ഥലങ്ങളിൽ പ്രൊഫഷണലുകളെയും മാനേജ്മെന്റ് വിദഗ്ധരെയും നിയമിക്കാനും നടപടികൾ സ്വീകരിക്കുമോ? | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.